# ദൈവരാജ്യം

കോതമംഗലം രൂപതാബുള്ളറ്റിൻ




ഒക്ടോബർ 2026 വാല്യം 65 ലക്കം 10





നവീകരിച്ച ആയവന പള്ളിയുടെ പുനർകൂദാശ
2026 സെപ്റ്റംബർ 21 ന് അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

# ദൈവരാജ്യം

## കോതമംഗലം രൂപതാബുള്ളറ്റിൻ

2026 വാല്യം 65 ലക്കം 10


**PATRON** — Mar George Madathikandathil
Bishop of Kothamangalam

**EDITOR** — Rev. Fr. Jose Kulathoor

**PRINTER & PUBLISHER** — Rev. Dr. George Thekkekara



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306, bishophouseklm@gmail.com

# ഉള്ളടക്കം

2026 വാല്യം 65 ലക്കം 10
കോതമംഗലം രൂപതാബുള്ളറ്റിൻ

| | |
|---|---|
| Circular | 05 |
| ഫ്രാൻസിസ്കൻ വർഷാചരണം | 08 |
| ആഗോള പ്രേഷിത ഞായർ | 13 |
| രൂപതക്കച്ചേരി | 23 |
| Odisha Mission | 29 |
| മൈനർ സെമിനാരി | 30 |
| വിജ്ഞാനഭവൻ | 31 |
| Corporate Educational Agency | 40 |
| Nirmala Civil Service Academy | 42 |
| സോഷ്യൽ സർവീസ് | 43 |
| കെ. സി. എസ്. എൽ | 45 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 45 |
| പ്രോലൈഫ് | 46 |
| പിതൃവേദി | 47 |
| മാതൃവേദി | 48 |
| യൂദിത്ത് മിനിസ്ട്രി | 48 |
| മദ്യവിരുദ്ധ സമിതി | 49 |
| ഡി. എഫ്. സി. | 51 |
| യുവദീപ്തി - KCYM | 52 |
| ജീസസ് യൂത്ത് | 54 |
| പ്രാർത്ഥനാഗ്രൂപ്പ് | 55 |
| St. Vincent De Paul Society | 56 |
| നെസ്റ്റ് പ്രോഗ്രാം | 58 |
| തിരുനാൾ മംഗളങ്ങൾ | 58 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 59 |
| Bishop's Engagements | 63 |
| നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം | 64 |
| നിര്യാതരായി | 64 |

Circular No. 4/2026

# ദീപിക തീവ്രപ്രചരണം
# സമുദായ ശക്തീകരണ വർഷത്തിൽ

ഈശോമിശിഹായിൽ  സ്നേഹമുള്ളവരേ,

കേരളത്തിലെ ആദ്യ ദിനപത്രം എന്ന നിലയിൽ കഴിഞ്ഞ 140 വർഷങ്ങളായി മാതൃകാപരമായ മാധ്യമ ധർമ്മം നിർവഹിച്ചു പോരുന്ന പത്രമാണ് ദീപിക. പൊതുസമൂഹത്തിന്റെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കാൻ ധീരമായ നിലപാടെടുത്ത ചരിത്രമാണ് ദീപികയ്ക്ക് ഉള്ളത്. കേരളത്തിലെ ക്രൈസ്തവരുടെ, വളരെ സവിശേഷമായി കത്തോലിക്കാസഭയുടെ, സാമൂഹ്യപ്രതിബദ്ധതയുടെയും മൂല്യബോധത്തിന്റെയും പ്രകടമായ തെളിവായി ദീപിക നിലകൊള്ളുന്നു. മലയോര മേഖലകളിലെ കർഷകരും കർഷക തൊഴിലാളികളും നേരിടുന്ന നാനാവിധ വെല്ലുവിളികളെ പൊതുസമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിലേക്ക് എത്തിക്കാൻ ദീപികയെപ്പോലെ ശ്രദ്ധിക്കുന്ന  മറ്റൊരു ദിനത്രം ഇല്ല എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

ബിസിനസ് താൽപര്യങ്ങളോ കോർപ്പറേറ്റ് ലക്ഷ്യങ്ങളോ ദീപികയുടെ മാധ്യമപ്രവർത്തനത്തെ സ്വാധീനിക്കാത്തത് ഈ പത്രത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്ന ഘടകമായി നിലകൊള്ളുന്നു. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക്  വെല്ലുവിളി നേരിട്ട സമയത്തെല്ലാം ദീപിക ശക്തമായി മുന്നോട്ടു വരുകയും രാഷ്ട്രീയ താൽപര്യങ്ങൾക്കതീതമായി നിലപാട് പറയാനുള്ള ആർജ്ജവം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും എപ്പോഴെല്ലാം പ്രതിസന്ധി നേരിട്ടിട്ടുണ്ടോ അപ്പോഴെല്ലാം ദീപികയുടെ തൂലിക ധീരമായി ചലിച്ചു. നിവർത്തന പ്രക്ഷോഭം, കുടിയിറക്ക് വിരുദ്ധ സമരം,  വിമോചന സമരം എന്നിവയിലെല്ലാം ദീപിക മുന്നിൽ നിന്ന് പോരാടിയത് ചരിത്രത്തിന്റെ ഭാഗമാണ്. വന്യമൃഗ ശല്യം, അധ്യാപക നിയമന പ്രശ്നങ്ങൾ, EWS, FCRA നിയമ ഭേദഗതി വിഷയം എന്നിവയെല്ലാം പൊതുസമൂഹത്തിൽ ഏറ്റവും ശക്തമായി ഉയർത്തിക്കാട്ടി അധികാരികളുടെ തീരുമാനങ്ങൾ പുനപരിശോധിക്കാനും പലതും തിരുത്തിക്കാനും സാധിച്ചത് ദീപിക

യുടെ ആനുകാലിക സാമൂഹ്യ ഇടപെടലുകളുടെ പ്രകടമായ ദൃഷ്ടാന്തങ്ങളാണ്.

ഇന്ന് കേരളത്തിൽ പുറത്തിറക്കുന്ന പത്രങ്ങളിൽ നിക്ഷ്പക്ഷ നിലപാടുകളിൽ ഉറച്ചതും ശക്തവും ധീരവുമായ മുഖപ്രസംഗങ്ങളും ഈടുറ്റ ലേഖനങ്ങളും പൊതുജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കിയുള്ള പ്രാദേശിക വാർത്തകളും പ്രസിദ്ധീകരിക്കുന്നത് ദീപികയാണ് എന്നുള്ളത് നമുക്കെല്ലാം അഭിമാനകരമാണ്.

രാഷ്ട്രീയനേതൃത്വങ്ങളും ഭരണാധികാരികളും മറ്റു മാധ്യമങ്ങൾ പോലും ദീപികയുടെ മുഖപ്രസംഗം ചർച്ചാവിഷയമാക്കുന്നത് നാം പതിവായി ശ്രദ്ധിക്കുന്നുണ്ട്.

അതുകൊണ്ട് കഴിഞ്ഞ ഒന്നര നൂറ്റാണ്ടോളമായി കേരളത്തിന്റെ ശബ്ദമായി നിലകൊള്ളുന്ന ദീപികയെ ചേർത്തുപിടിക്കേണ്ടതും സംരക്ഷിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതും നമ്മുടെ കടമയാണ് എന്ന് മറക്കാതിരിക്കാം. അനാവശ്യ വിവാദങ്ങളും അതിരുകടന്ന ആക്ഷേപങ്ങളും നിഷേധാത്മകമായ വാർത്തകളും മാധ്യമങ്ങളിൽ നിറയുന്ന ഇക്കാലത്ത് സഹോദര സ്നേഹവും നന്മയും ധാർമിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ദീപികയുടെ ബദൽ മാധ്യമ സംസ്കാരത്തെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ദീപിക നമ്മുടെ സ്വന്തമാണെന്നും ദീപികയുടെ ഉടമസ്ഥത സഭാമക്കളായ നമ്മുടേതാണെന്നുമുള്ള ചിന്ത നമ്മെ കൂടുതൽ ഭാവാത്മകമായി ചിന്തിക്കാൻ പ്രേരിപ്പിക്കട്ടെ. നന്മയുടെയും സാമൂഹ്യ പ്രതിബദ്ധതയുടെയും സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കുക എന്ന ക്രൈസ്തവ ദൗത്യം ദീപികയെ പ്രോത്സാഹിപ്പിക്കുന്നത് വഴി നമുക്ക് നിറവേറ്റാം. ദീപികയുടെ പ്രചാരത്തെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി 2026 ഒക്ടോബർ നവംബർ മാസങ്ങൾ ദീപിക തീവ്ര പ്രചാരണ മാസങ്ങളായി പ്രഖ്യാപിക്കുകയാണ്.

നമ്മുടെ രൂപതയിലെ സാധ്യമായ എല്ലാ കുടുംബങ്ങളിലും ദീപിക ദിനപത്രം ഉണ്ട് എന്ന് ഉറപ്പുവരുത്തുമല്ലോ. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാ

രന്മാർ, വിശ്വാസപരിശീലകർ, സ്കൂൾകോളേജ് അധ്യാപകർ, വിവിധ ഭക്തസംഘടന ഭാരവാഹികൾ എന്നിവർ ദീപികയുടെ വരിക്കാരും പ്രചാരകരും ആകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പലവിധത്തിലുള്ള പ്രതിസന്ധികളുടെ ഈ കാലത്ത് നമ്മുടെ സഭാത്മകതയുടെയും കൂട്ടായ്മയുടെയും അടയാളപ്പെടുത്തലായി ഇത്തരം മുന്നേറ്റങ്ങൾ മാറണം. ദീപികയുടെ പ്രചാരണ പദ്ധതികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വികാരിയച്ചൻമാർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളോട് എല്ലാവരും സഹകരിക്കണം എന്ന കാര്യം സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

ഇതിനോടകം ദീപിക ദിനപ്പത്രം, അനുബന്ധ പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വരിക്കാർ ആയിട്ടുള്ള എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ദീപിക ഫ്രണ്ട്സ് ക്ലബ് പ്രവർത്തകരെയും അവർ നേതൃത്വം കൊടുക്കുന്ന എല്ലാ ഉദ്യമങ്ങളെയും സന്തോഷത്തോടെ അഭിനന്ദിക്കുന്നു.

ദീപിക ഉയർത്തിപ്പിടിക്കുന്ന ക്രൈസ്തവ മൂല്യങ്ങളും ധാർമിക നിലപാടുകളും നമ്മുടെ നാടിനെ കൂടുതൽ നന്മയിലേക്ക് നയിക്കട്ടെ.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

സ്നേഹപൂർവ്വം,

കോതമംഗലം മെത്രാസന ഭവനത്തിൽ നിന്ന്,

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാധ്യക്ഷൻ

---

NB: 2026 ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

No.4325/K-5/KCBC/OL/DS 22.09.2026

# ആഗോളസഭയിൽ ആചരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഫ്രാൻസിസ്കൻ വർഷത്തിന്റെ പ്രാധാന്യവും പ്രസക്തിയും

യേശുവിൽ ഏറെ സ്നേഹിക്കപ്പെടുന്ന വന്ദ്യവൈദികരെ,
സമർപ്പിതരെ, പ്രിയ സഹോദരീസഹോദരന്മാരെ,
പ്രിയ കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും കാരുണ്യവും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

ആഗോളസഭ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ വളരെ ഭക്തിപൂർവ്വം ആചരിക്കുന്ന ഈ പുണ്യദിനത്തിൽ, നിങ്ങളേവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. റോമിലെ പരിശുദ്ധ പിതാവ് ലിയോ പതിനാലാമന്റെ ആഹ്വാന പ്രകാരം നാം ആചരിച്ചുവരുന്ന 'ഫ്രാൻസിസ്കൻ വർഷം' നമ്മുടെ ആത്മീയ ജീവിതത്തെ നവീകരിക്കാനുള്ള അപൂർവ്വമായ ഒരവസരമാണ്. വിശുദ്ധ ഫ്രാൻസിസ് ഇഹലോകവാസം വെടിഞ്ഞ് സ്വർഗ്ഗീയ ഭവനത്തിലേക്ക് പ്രവേശിച്ചതിന്റെ എട്ടാം ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ, അദ്ദേഹത്തിന്റെ ജീവിതവും സന്ദേശങ്ങളും ഇന്നത്തെ സമൂഹത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് ധ്യാനിക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

ഇന്ന് നാം ജീവിക്കുന്ന ലോകം വലിയ സാങ്കേതിക മുന്നേറ്റങ്ങൾക്കും ഭൗതിക വളർച്ചയ്ക്കും സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും, മനുഷ്യഹൃദയങ്ങളിൽ സമാധാനവും സന്തോഷവും കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. സ്വാർത്ഥതയും ഉപഭോഗ സംസ്കാരവും അക്രമങ്ങളും പ്രകൃതിക്ക് മേലുള്ള ചൂഷണങ്ങളും ജീവിതത്തിന്റെ ഭാഗമായി മാറിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കൃത്യമായി പറഞ്ഞാൽ, എണ്ണൂറ് വർഷങ്ങൾക്ക് മുൻപ് വിശുദ്ധ ഫ്രാൻസിസ് ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ, അദ്ദേഹത്തിന്റെ ഇടപെടലുകളുണ്ടായ അക്കാലത്തെ ധാർമ്മിക അപചയങ്ങൾക്കും

അസ്വസ്ഥതകൾക്കും ഏറെക്കുറെ സമാനമായ ഒരവസ്ഥയിലൂടെയാണ് ഇന്നത്തെ ലോകവും കടന്നുപോകുന്നത്.

ഇത്തരം അന്ധകാരമയമായ സാഹചര്യങ്ങളിലാണ് ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം നമുക്ക് വഴികാട്ടിയാകുന്നത്. സമ്പന്നനായ ഒരു വ്യാപാരിയുടെ മകനായി ജനിച്ച ഫ്രാൻസിസ്, ലോകത്തിന്റെ സുഖഭോഗങ്ങളെയും പദവികളെയും അതിന്റെ സാധ്യതകളെയും പൂർണ്ണമായി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ ദാരിദ്ര്യവും ലാളിത്യവും സ്വന്തമാക്കാൻ തയ്യാറായി. തനിക്ക് ലഭിക്കുമായിരുന്ന സകല ഐഹിക നേട്ടങ്ങളെക്കാളും വലിയ നിധിയായി ഫ്രാൻസിസ് സുവിശേഷ മൂല്യങ്ങളെ കണ്ടു. ക്രിസ്തുവിന്റെ യഥാർത്ഥ മാതൃക ഭൂമിയിൽ ജീവിച്ചുകാണിച്ചതിലൂടെ രണ്ടാം ക്രിസ്തു എന്ന് വിശേഷിപ്പിക്കപ്പെട്ട ആ വിശുദ്ധൻ, ഇന്നത്തെ ഉപഭോഗ സംസ്കാരത്തിന് വലിയൊരു തിരുത്തലിനുള്ള മാതൃകകൂടിയാണ് നമുക്ക് നൽകുന്നത്.

പ്രിയമുള്ളവരേ, വിശുദ്ധ ഫ്രാൻസിസ് നമ്മെ പഠിപ്പിച്ച ഏറ്റവും വലിയ പാഠങ്ങളിലൊന്ന് 'ലാളിത്യമാർന്ന ജീവിത'മാണ്. ആവശ്യത്തിൽ കൂടുതൽ നേടിയെടുക്കാനും അത് പ്രദർശിപ്പിക്കാനും മത്സരിക്കുന്ന ഇന്നത്തെ ലോകത്തിൽ, 'കുറഞ്ഞത് കൊണ്ട് സംതൃപ്തനാവുക' എന്നതായിരുന്നു ഫ്രാൻസിസിന്റെ ജീവിതശൈലി. നമ്മുടെ വീടുകളിലും കുടുംബങ്ങളിലും അനാവശ്യമായ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. ലാളിത്യമുള്ള ഒരു ജീവിതത്തിന് മാത്രമേ ദൈവത്തോടും സഹജീവികളോടും കൂടുതൽ അടുത്തബന്ധം പുലർത്താൻ സാധിക്കൂ എന്ന് നാം തിരിച്ചറിയണം.

വിശുദ്ധ ഫ്രാൻസിസിന്റെ കരുണാപൂർണ്ണമായ ഹൃദയം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു. കുഷ്ഠരോഗികളെ കെട്ടിപ്പുണരാനും, തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവരെ ചേർത്തുപിടിക്കാനും അദ്ദേഹം മടിച്ചില്ല. ഇന്ന് നമ്മുടെ ഇടവകകളിലും സമൂഹത്തിലും പാർശ്വവത്കരിക്കപ്പെട്ടവരും ഏകാന്തത അനുഭവിക്കുന്നവരും രോഗികളും പാവപ്പെട്ടവരുമായ ഒട്ടേറെപ്പേരുണ്ട്. അവരിൽ ക്രിസ്തുവിന്റെ മുഖം ദർശിക്കാനും, നമ്മുടെ കൈവശമുള്ളതിൽ നിന്ന് ഒരു പങ്ക് അവർക്കായി മാറ്റിവെക്കാനും നമുക്ക് സാധിക്കണം. ജീവിക്കുന്ന ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ അടയാളം.

സഹജീവികളോടുള്ള സ്നേഹത്തിനൊപ്പം തന്നെ പ്രകൃതിയോടുള്ള ആഴമായ ബന്ധവും വിശുദ്ധന്റെ ജീവിതത്തിന്റെ പ്രത്യേകതയായിരുന്നു. സൂര്യനെയും ചന്ദ്രനെയും കാറ്റിനെയും നക്ഷത്രങ്ങളെയും 'സഹോദരൻ' എന്നും 'സഹോദരി' എന്നും വിളിച്ച വിശുദ്ധ ഫ്രാൻസിസ്, ദൈവത്തിന്റെ മുഴുവൻ സൃഷ്ടികളെയും ഒരുപോലെ സ്നേഹിച്ചു. 'സൃഷ്ടികളുടെ സങ്കീർത്തനം' (Canticle of the Creatures) വഴി അദ്ദേഹം പ്രകൃതിയുടെ സൗന്ദര്യത്തെയും അതുവഴി ദൈവമഹത്വത്തെയും വാഴ്ത്തിപ്പാടി.

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് പ്രകൃതിയുടെ നാശവും കാലാവസ്ഥാ വ്യതിയാനവുമാണ്. ഭൂമിയെന്ന നമ്മുടെ പൊതുഭവനത്തെ നാം ക്രൂരമായി ചൂഷണം ചെയ്യുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ 'പരിസ്ഥിതി സ്നേഹം' വലിയൊരു ആഹ്വാനമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. പ്രകൃതി ദൈവത്തിന്റെ ദാനമാണ്. അതിനെ സംരക്ഷിക്കാനും, വരുംതലമുറയ്ക്കായി നിലനിർത്താനും നാം ഓരോരുത്തർക്കും കടമയുണ്ട്. മരങ്ങൾ നട്ടുപിടിപ്പിച്ചും, പ്ലാസ്റ്റിക് മലിനീകരണം ലഘൂകരിച്ചും, പ്രകൃതിവിഭവങ്ങൾ വിവേകത്തോടെ ഉപയോഗിച്ചും ഫ്രാൻസിസ്കൻ ചൈതന്യം നമുക്ക് ജീവിതത്തിൽ പ്രാവർത്തികമാക്കാം. ഇക്കാര്യത്തിൽ, പുണ്യചരിതനായ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനങ്ങളെയും നമുക്ക് ഹൃദയത്തോട് ചേർക്കാം.

കുടുംബബന്ധങ്ങളിലും സമൂഹത്തിലും വിള്ളലുകൾ വീഴുകയും, സമാധാനം നഷ്ടപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വി. ഫ്രാൻസിസിന്റെ പ്രസിദ്ധമായ സമാധാന പ്രാർത്ഥന നാം ഓർക്കേണ്ടതുണ്ട്: 'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ'. വെറുപ്പുള്ളിടത്ത് സ്നേഹവും, വിദ്വേഷമുള്ളിടത്ത് ക്ഷമയും, സംശയമുള്ളിടത്ത് വിശ്വാസവും വിതയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നിസ്സാര കാര്യങ്ങൾക്ക് വഴക്കിടുകയും, മാപ്പ് നൽകാൻ മടിക്കുകയും ചെയ്യുന്ന സംസ്കാരം മാറി, പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനുമുള്ള തുറവിയുള്ള ഹൃദയങ്ങൾ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും വളർന്നുവരട്ടെ.

വിശുദ്ധ ഫ്രാൻസിസിനുണ്ടായ ദൈവിക ദർശനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് പതിമൂന്നാം നൂറ്റാണ്ടിൽ ആരംഭിക്കപ്പെട്ട 'പോർസ്യുങ്കുള ദണ്ഡവിമോചനം' (Portiuncula Indulgence, Pardon of

Assisi) അദ്ദേഹത്തിലൂടെ ചൊരിയപ്പെട്ട ദൈവകരുണയുടെ ഉദാഹരണമാണ്. എത്ര വലിയ പാപിയാണെങ്കിലും ദൈവത്തിന്റെ അനന്തമായ കരുണയിൽ ആശ്രയിച്ചാൽ മാപ്പ് ലഭിക്കുമെന്ന പ്രത്യാശ വി. ഫ്രാൻസിസ് അസീസിയിലൂടെ സ്വർഗ്ഗം ലോകത്തിന് നൽകി. ഫ്രാൻസിസ്കൻ വർഷം അവസാന പാദത്തിലേയ്ക്ക് എത്തിയിരിക്കുന്ന വേളയിൽ, ജീവിത നവീകരണത്തിലൂടെയും ഫ്രാൻസിസ്കൻ ദൈവാലയങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളിലൂടെയും പാപമോചനവും കൃപാവരങ്ങളും സ്വീകരിക്കാൻ ഏവരെയും സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വരും നാളുകളിൽ നമ്മുടെ ഇടവകകളിൽ നടക്കുന്ന തീർത്ഥാടനങ്ങളിലും, ഫ്രാൻസിസ്കൻ വർഷാചരണ പരിപാടികളിലും വിശുദ്ധ ഫ്രാൻസിസിന്റെ മാതൃക പിന്തുടർന്നുള്ള ജീവകാരുണ്യ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്യുകയും എല്ലാവരും പങ്കാളികളാകുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിശുദ്ധ വർഷത്തിൽ സഭ വാഗ്ദാനം ചെയ്യുന്ന പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാൻ തക്കവിധം അനുതാപമുള്ള ഹൃദയത്തോടെ നമ്മെത്തന്നെ ഒരുക്കാം.

സ്നേഹമുള്ള മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ ഭൗതികമായ നേട്ടങ്ങൾക്ക് പിന്നാലെ മാത്രം പരക്കംപായുന്നവരായി വളർത്തരുത്. വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദൈവ ഭയമുള്ളവരും എളിമയും ദയയും ഉള്ളവരുമായി അവരെ വളർത്തുക. കഷ്ടപ്പെടുന്നവരെ കാണുമ്പോൾ മടികൂടാതെ സഹായിക്കാൻ അവരെ പഠിപ്പിക്കുക. പ്രകൃതിയെ സ്നേഹിക്കാനും സൂക്ഷിക്കാനുമുള്ള മനോഭാവം ചെറുപ്പത്തിലേ കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

പ്രിയപ്പെട്ട യുവാക്കളേ, ലോകത്തിന്റെ താൽക്കാലികമായ ആഡംബരങ്ങൾക്കും നൈമിഷികമായ സുഖസന്തോഷങ്ങൾക്കും പിന്നാലെ പോകാതെ, അർത്ഥവത്തായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം നിങ്ങൾക്ക് പ്രചോദനമേകട്ടെ. ക്രിസ്തുവിനായി ജീവിതം മാറ്റിവെക്കാൻ ഭയം കൂടാതെ മുന്നോട്ട് വരിക. നിങ്ങളുടെ സർഗ്ഗവാസനകളും ഊർജ്ജവും പാവപ്പെട്ടവരുടെ സേവനത്തിനായും, സമൂഹത്തിൽ നന്മയും സമാധാനവും വിതയ്ക്കുന്നതിനായും വിനിയോഗിക്കുക.

ഈ ഫ്രാൻസിസ്കൻ വർഷാചരണം വെറുമൊരു ചടങ്ങായി അവസാനിക്കരുത്. നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും മാറ്റത്തിന്റെ ഒരു പുതിയ തരംഗം ഇതിലൂടെ ആരംഭിക്കണം. ഓരോ കുടുംബവും ലാളിത്യത്തിന്റെ മാതൃകയാകട്ടെ. നമ്മുടെ ഇടവക തിരുനാൾ ആഘോഷങ്ങൾ, കുടുംബപരമായ ചടങ്ങുകൾ തുടങ്ങിയവയിൽ ആഡംബരങ്ങൾ ഒഴിവാക്കി, ആ തുക നിർദ്ധനരെ സഹായിക്കാൻ മാറ്റിവെക്കാൻ സാധിച്ചാൽ, അതാണ് വിശുദ്ധ ഫ്രാൻസിസിന് നാം നൽകുന്ന ഏറ്റവും വലിയ ആദരം.

പരിശുദ്ധ അമ്മയുടെയും, അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെയും, സകല വിശുദ്ധരുടെയും മാധ്യസ്ഥം എല്ലായ്പ്പോഴും നമുക്ക് തുണയായിരിക്കട്ടെ. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ക്രിസ്തുവിന്റെ സമാധാനവും സന്തോഷവും സദാ വസിക്കട്ടെ.

**ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് സാമുവേൽ മാർ ഐറേനിയോസ്**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് തോമസ് തറയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

---

NB: 2026 ഒക്ടോബർ 4, ഞായറാഴ്ച അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ദിനത്തിൽ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 4324/K-5/KCBC/OL/DS 16.09.2026

# പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ 2026 ഒക്ടോബർ 18-ാം തീയതി നടക്കുന്ന നൂറാമത് ആഗോള പ്രേഷിത ഞായറാഴ്ചയോടനുബന്ധിച്ചു നൽകുന്ന സന്ദേശം

## "ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്"

പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ സ്ഥാപിച്ചതും സഭയ്ക്ക് ഏറ്റവും പ്രിയങ്കരമായതുമായ ആഗോള പ്രേഷിത ഞായറാചരണത്തിന്റെ നൂറാം വർഷം ആഘോഷിക്കുന്ന ഈ ആണ്ടിൽ ചിന്താവിഷയമായി "ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്" എന്നത് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. ജൂബിലി വർഷത്തിനുശേഷം സഭ മുഴുവനും തന്റെ പ്രേഷിത യാത്ര പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും തീക്ഷ്ണതയിലും തുടരുന്നതു ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ക്രിസ്തുവിൽ ഒന്നായിത്തീർന്ന ഹൃദയങ്ങളും അനുരഞ്ജിതമായ സമൂഹങ്ങളും വ്യക്തികളും ഉദാരതയോടും പരസ്പര വിശ്വാസത്തോടും സഹകരിക്കാൻ സന്മനസ്സുള്ളവരാകേണ്ടതുണ്ട്.

"ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്" ദൈവകൃപയാൽ നാം നയിക്കപ്പെടാനും പ്രചോദിപ്പിക്കപ്പെടാനും നമ്മെത്തന്നെ വിട്ടുകൊടുക്കാം. അങ്ങനെ നമ്മുടെ പ്രേഷിത വിളിയുടെ അഗ്നിയാൽ നാം തന്നെയും നവീകരിക്കപ്പെടുകയും സഭയുടെ ചരിത്രത്തിലെ "ഈ പുതിയ പ്രേഷിത യുഗത്തിൽ" സുവിശേഷവൽക്കരണത്തിന്റെ പ്രതിജ്ഞാബദ്ധതയിൽ പുരോഗമിക്കാൻ ഇടവരുകയും ചെയ്യട്ടെ (*ആഗോള പ്രേഷിതരുടെയും കുടിയേറ്റക്കാരുടെയും ജൂബിലിയുടെ അവസരത്തിൽ നടത്തിയ സുവിശേഷ പ്രഭാഷണം*; 5 ഒക്ടോബർ 2025).

**1. ക്രിസ്തുവിൽ ഒന്നായി - പ്രേഷിത ശിഷ്യർ എന്ന നിലയിൽ അവിടത്തോടും നമ്മുടെ സഹോദരീസഹോദരന്മാരോടും ചേർന്നിരുന്നുകൊണ്ട്**

ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യമാണ് പ്രേഷിത ദൗത്യത്തിന്റെ കാതൽ. തന്റെ പീഡാനുഭവത്തിനുമുമ്പ് യേശു ഇപ്രകാരം പ്രാർഥിച്ചു: ''അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും ...'' (യോഹ 17:21). ഈ വാക്കുകൾ വെളിപ്പെടുത്തുന്നത് യേശുവിന്റെ അത്യഗാധമായ ആഗ്രഹവും തന്റെ ശിഷ്യരുടെ സമൂഹം എന്ന നിലയിലുള്ള സഭയുടെ സ്വത്വവും ആണ്. അത് പരിശുദ്ധ ത്രിത്വത്തിൽനിന്ന് ഉത്ഭവിക്കുന്ന കൂട്ടായ്മ ആണ്; ത്രിത്വം തന്നെയാണ് അതിനെ നിലനിർത്തുന്നതും. ഈ കൂട്ടായ്മ പ്രകാശിതമാകുന്നത് എല്ലാം മനുഷ്യരുടെയും ഇടയിലുള്ള സാഹോദര്യത്തിന്റെ ശുശ്രൂഷയിലും സകല സൃഷ്ടികളുമായുള്ള മൈത്രിയിലുമാണ്.

ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ ചില അനുഷ്ഠാനങ്ങളിലോ ആശയങ്ങൾ സ്വീകരിക്കുന്നതിലോ അല്ല അടങ്ങിയിരിക്കുന്നത്; അത് ക്രിസ്തുവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ്. അതിൽ പുത്രന് പിതാവുമായുള്ള പുത്രസഹജമായ ബന്ധത്തിൽ നാം പരിശുദ്ധാത്മാവുവഴി ഭാഗഭാക്കുകൾ ആയിത്തീരുന്നു. അതിന്റെ അർഥം, മുന്തിരി ചെടിയുടെ ശാഖകൾ തായ്ത്തണ്ടിനോടു ചേർന്നിരിക്കുന്നതുപോലെ, ക്രിസ്തുവിൽ വസിക്കുക എന്നതാണ് (യോഹ 15:4 കാണുക); അതായത്, ത്രിത്വത്തിന്റെ ജീവനിൽ ആഴ്ന്നിറങ്ങിയിരിക്കുക എന്നത്. ഈ ഐക്യം വിശ്വാസികളുടെ ഇടയിൽ പരസ്പരമുള്ള ഐക്യം ഉളവാക്കുന്നു; എല്ലാത്തരം പ്രേഷിത ഫലദായകത്വത്തിന്റെയും ഉറവിടവും അതുതന്നെ. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പഠിപ്പിച്ചതുപോലെ, "കൂട്ടായ്മ പ്രേഷിതത്വത്തിന്റെ ഉറവിടവും ഫലവും പ്രതിനിധീകരിക്കുന്നു'' (*അൽമായ വിശ്വാസികൾ* [*Christfidelis Laici*], 32).

ഈ പശ്ചാത്തലത്തിൽ തന്റെ അംഗങ്ങളുടെ ഇടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം നവീകരിക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് സഭയുടെ പ്രഥമ പ്രേഷിതദൗത്യം.

പല സാഹചര്യങ്ങളിലും നാം നേരിടുന്നത് സംഘർഷങ്ങളും ധ്രുവീകരണവും തെറ്റിദ്ധാരണകളും പരസ്പരമുള്ള വിശ്വാസമില്ലായ്മയുമാണ്. ഇക്കാര്യം നമ്മുടെ സമൂഹങ്ങളിൽ സംഭവിക്കുമ്പോൾ, ഇത് നമ്മുടെ സാക്ഷ്യത്തിന് കുറവ് വരുത്തുന്നു. ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപ്പിച്ച സുവിശേഷവൽക്കരണദൗത്യം എല്ലാറ്റിനുമുപരിയായി രമ്യതപ്പെട്ട് ഐക്യത്തിനായി കാംക്ഷിക്കുന്ന ഹൃദയങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അക്കാരണത്താലും നാം ഒരുമിച്ച് നിഖ്യാ സൂനഹദോസിന്റെ 1700-ാം ആണ്ട് ആഘോഷിച്ച പശ്ചാത്തലത്തിലും എല്ലാ സഭകളും ചേർന്നുള്ള സഭൈക്യശ്രമങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്.

അവസാനമായി, എന്നാൽ പ്രാധാന്യത്തിന് ഒട്ടും കുറവില്ലാത്തവിധം, "ക്രിസ്തുവിൽ ഒന്നായിരിക്കുക" എന്നത് നമ്മുടെ ദൃഷ്ടികൾ കർത്താവിൽ ഉറപ്പിച്ചു നിർത്താനായി ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവിടന്ന് യഥാർഥത്തിൽ നമ്മുടെ വ്യക്തിജീവിതങ്ങളുടെയും സമൂഹങ്ങളുടെയും, നമ്മുടെ ഓരോ വാക്കിന്റെയും പ്രവൃത്തിയുടെയും വ്യക്തിബന്ധങ്ങളുടെയും കേന്ദ്രബിന്ദു ആയി തീരേണ്ടതുണ്ട്. അതുവഴിയായി നമുക്ക് വിസ്മയപൂർവം പറയാൻ കഴിയണം, "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" എന്ന് (ഗലാ 2:20). അവിടത്തെ വചനം നിരന്തരം ശ്രവിച്ചുകൊണ്ടും കൂദാശകളിൽ നിന്നുള്ള കൃപാവരം സ്വീകരിച്ചുകൊണ്ടും സഭയിൽ സജീവശിലകൾ ആയിത്തീരാൻ നമുക്ക് സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിനെ തുടർന്നുവന്ന പാപ്പാമാരുടെ പ്രബോധനത്തിന്റെയും, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പായുടെ ചിന്തകളുടെയും, അടിസ്ഥാനത്തിലുള്ള മുഖ്യ പ്രമേയങ്ങൾ സ്വീകരിക്കാൻ സഭ ഇന്ന് വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, "ഞങ്ങൾ പ്രഘോഷിക്കുന്നത് ഞങ്ങളെയല്ല; പ്രസ്തുത യേശുക്രിസ്തുവിനെ കർത്താവായാണ്" (2 കോറി 4:5). അതിനാൽ വിശുദ്ധ പോൾ ആറാമന്റെ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: "ദൈവപുത്രനായ നസ്രത്തിലെ യേശുവിന്റെ നാമവും പഠനവും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും പ്രഘോഷിക്കുന്നില്ലെങ്കിൽ അത് യഥാർഥ സുവിശേഷവൽക്കരണം ആവുകയില്ല" (*സുവിശേഷപ്രഘോഷണം* [*Evangelii Nuntiandi*] എന്ന അപ്പ

സ്തോലിക ആഹ്വാനം, 22). സുവിശേഷവൽക്കരണപ്രക്രിയ യഥാർ ഥത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ആരംഭിച്ചുകൊണ്ടാണ് എല്ലാ മനുഷ്യരിലേക്കും എത്തിച്ചേരേണ്ടത്. ആകയാൽ, ക്രിസ്തുവിൽ നമ്മൾ എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നുവോ അത്ര മാത്രം നന്നായി നമുക്ക് ഒരുമിച്ച് അവിടന്ന് നമ്മെ ഭരമേല്പിച്ചിരിക്കുന്ന പ്രേഷിത ദൗത്യം നിർവഹിക്കാൻ ആകും.

**2. പ്രേഷിത ദൗത്യത്തിൽ ഒന്നിച്ച് – ലോകം കർത്താവായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനായി**

ശിഷ്യരുടെ ഐക്യം അതിൽത്തന്നെ ഒരു ലക്ഷ്യമല്ല; പ്രേഷിത ദൗത്യമാണ് അത് ലക്ഷ്യം വയ്ക്കുന്നത്. യേശു അത് വ്യക്തമായി പറയുന്നു: "അവിടന്ന് എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നതിനു വേണ്ടിയാണത്" (യോഹ 17:21). അനുരഞ്ജനവും സാഹോദര്യവും ഐക്യവും പുലരുന്ന ഒരു സമൂഹത്തിന്റെ സാക്ഷ്യം വഴിയാണ് സുവിശേഷത്തിന്റെ പ്രഘോഷണം അതിന്റെ പൂർണമായ സംവേദന ശക്തി പ്രാപിക്കുന്നത്.

ഈ കാഴ്ചപ്പാടിൽ വാഴ്ത്തപ്പെട്ട പൗളോ മന്നയുടെ ആപ്ത വാക്യം സ്മരിക്കുന്നത് പ്രസക്തമാണ്: "ലോകം മുഴുവന്റെയും മാന സാന്തരത്തിനായി സഭ മുഴുവനും." 1916-ൽ "പൊന്തിഫിക്കൽ മിഷണറി യൂണിയൻ" സ്ഥാപിതമാകുന്നതിനു പ്രേരണയായി തീർന്ന ആദർശം സംക്ഷിപ്തമായി ഈ ആപ്തവാക്യം അവതരിപ്പിക്കുന്നു. അതിന്റെ 110-ാം വാർഷികത്തിൽ വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും ഇടയിൽ പ്രേഷിത ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും എല്ലാ സുവിശേഷവൽക്കരണ ഉദ്യമങ്ങളും ഒരുമിച്ചു കൊണ്ടുവരുന്നതിനും നടത്തിയ ശ്രമങ്ങളുടെ പിന്നിലുള്ള പ്രതിജ്ഞാബദ്ധതയെ ഓർത്തുകൊണ്ട് ഞാൻ അവരുടെ അംഗങ്ങൾക്കു നന്ദി അർപ്പിക്കുകയും ആശീർവാദം നൽകുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾക്കും പ്രേഷിത ദൗത്യത്തിൽ നിന്ന് ഒഴിവാകാനോ അതിനോടു നിസംഗത പുലർത്താനോ അവകാശമില്ല: ഓരോരുത്തരും അവരവരുടെ വിളിയും ജീവിത സാഹചര്യവും അനുസരിച്ച് ക്രിസ്തു തന്റെ സഭയെ ഭരമേൽപ്പിച്ച ഈ മഹത്തായ ദൗത്യത്തിൽ പങ്കുചേരുന്നു. ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് അനുസ്മരിപ്പിച്ചിരുന്നതുപോലെ സുവിശേഷ പ്രഘോ

ഷണം എപ്പോഴും സ്വരച്ചേർച്ചയുള്ളതും സാമൂഹിക മാനം ഉള്ളതും സിനഡാത്മകവുമായ പ്രവൃത്തിയാണ്.

ഇക്കാരണത്താൽ, പ്രേഷിതപ്രവർത്തനത്തിലുള്ള ഐക്യം എന്നു പറയുന്നത് കൂട്ടായ്മയുടെയും പ്രേഷിത സഹകരണത്തിന്റെയും ആധ്യാത്മികത സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ മനോഭാവം അനുദിനം വളർത്തുന്നതുവഴി നമ്മുടെ സഹോദരീസഹോദരന്മാരെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണാൻ ദൈവിക കൃപാവരം സാവധാനം നമ്മെ പഠിപ്പിക്കുന്നു. ഓരോ വ്യക്തിയിലും ആത്മാവ് ഉണർത്തുന്ന നന്മ സന്തോഷപൂർവ്വം തിരിച്ചറിയാനും നാം പഠിക്കുന്നു; അതായത്, വൈവിധ്യം ഒരു നിധി യായി കരുതാനും, പരസ്പരം ഭാരങ്ങൾ ചുമക്കാനും ഉന്നതത്തിൽ നിന്നുവരുന്ന ഐക്യം എപ്പോഴും അന്വേഷിക്കാനും സാധിക്കുന്നത്. യഥാർഥത്തിൽ നാം എല്ലാവരും ഒരൊറ്റ പ്രേഷിത ദൗത്യത്തിലാണ് പങ്കുചേരുന്നത്; അതായത്, "ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു ജ്ഞാനസ്നാനം. സകലത്തിനുമുപരിയായവനും സകലത്തിലൂടെയും സകലത്തിലുമായവനും സകലരുടെയും പിതാവും ദൈവവുമായ ഒരു വൻ" (എഫേ 4:5-6) എന്നതിൽ. പ്രേഷിത ശിഷ്യത്വത്തിന്റെ ദൈനം ദിനം ഉള്ള ആധ്യാത്മികതയാണ് ഇത് പ്രകാശിതമാക്കുന്നത്. സഭയുടെ സുവിശേഷവൽക്കരണ ദൗത്യത്തെ സംബന്ധിച്ച ഒരു സാർവത്രിക കാഴ്ചപ്പാട് തിരിച്ചുപിടിക്കാനും സംഘാതമായ ശ്രമങ്ങളുടെ കുറവ് നികത്താനും ഇത് സഹായിക്കുന്നു; "ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോയുടേതാണ്" (1 കോറി 1:10-12 കാണുക) എന്ന തരത്തിൽ ഏക കർത്താവിനെ പിൻചെല്ലുന്നവരുടെ ഇടയിൽ സൃഷ്ടി ക്കപ്പെടുന്ന വിഭാഗീയതകളെ അതിജീവിക്കാനും ഇത് സഹായക മാകുന്നു.

പ്രേഷിത പ്രവർത്തനത്തിലെ ഐക്യം (unity) എന്നു പറയുന്നത് ഐകരൂപ്യം (uniformity) ആയി മനസ്സിലാക്കപ്പെടരുത് എന്ന് പറയേ ണ്ടതില്ലല്ലോ; മറിച്ച്, അത് ഒരേ ഉദ്ദേശ്യത്തോടുകൂടിയ വ്യത്യസ്തങ്ങ ളായ സിദ്ധികളുടെ (charisms) സംഗമമാണ്; അതായത്, ക്രിസ്തുവിന്റെ സ്നേഹം പ്രകടമാക്കുകയും അവിടത്തെ കണ്ടുമുട്ടാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്ന പ്രവൃത്തി. പ്രാദേശിക സമൂഹങ്ങൾ പരസ് പരം സഹകരിക്കുമ്പോൾ സുവിശേഷവൽക്കരണം സാധ്യമാകുന്നു;

അതുപോലെതന്നെ ഒരേ വിശ്വാസത്തിൽ സാംസ്കാരികവും ആത്മീയവും ആരാധനക്രമപരവും ആയ വ്യത്യസ്തതകൾ പൂർണമായും പൊരുത്തപ്പെട്ട് പ്രകാശിക്കുമ്പോൾ. ആകയാൽ, സഭയിലെ എല്ലാ സ്ഥാപനങ്ങളിലും സഭാത്മക പ്രേഷിത കൂട്ടായ്മയുടെ ചൈതന്യം ശക്തിപ്പെടുത്താനും പ്രേഷിത ദൗത്യത്തിനുവേണ്ടിയും ദൗത്യത്തിൽ തന്നെയും പരസ്പരം സഹകരിക്കുന്നതിനുള്ള സർഗാത്മകവും മൂർത്തവുമായ മാർഗങ്ങൾ വികസിപ്പിച്ചെടുക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇത് സംബന്ധിച്ച്, പ്രേഷിത സഹകരണത്തിനായി പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്തുവരുന്ന സേവനങ്ങൾക്ക് ഞാൻ അവർക്കു നന്ദി പ്രകാശിപ്പിക്കുന്നു; ഞാൻ പെറുവിൽ ആയിരുന്ന കാലത്ത് അവരുടെ സേവനം അനുഭവിച്ചത് കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്, ഹോളി ചൈൽഡ് ഹുഡ്, സെന്റ് പീറ്റർ ദ അപ്പോസ്റ്റൽ ആൻഡ് പൊന്തിഫിക്കൽ മിഷനറി യൂണിയൻ എന്നീ സൊസൈറ്റികൾ എല്ലാ പ്രായത്തിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രേഷിതബോധം ജനിപ്പിക്കാനും രൂപപ്പെടുത്താനും ലോകം മുഴുവനുമുള്ള സമൂഹങ്ങളെ പ്രാർഥനയുടെയും ഉപവിയുടേയും ശൃംഖലവഴി ബന്ധിപ്പിക്കാനുള്ള ശ്രമവും തുടർന്നുകൊണ്ടേയിരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത് സൊസൈറ്റിയുടെ സ്ഥാപികയായ വാഴ്ത്തപ്പെട്ട പൗളിൻ മരീ ജാരിക്കോട്ട് 200 വർഷങ്ങൾക്കു മുമ്പ് "സജീവ ജപമാല" (Living Rosary) സ്ഥാപിച്ചു എന്നത് ഇവിടെ എടുത്തു പറയേണ്ടതാണ്. ലോകം മുഴുവനുമുള്ള ഒട്ടനവധി വിശ്വാസികളെ ഓരോരോ ആത്മീയവും പ്രേഷിതപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർഥിക്കാൻ ഇന്നും അത് ഒരുമിച്ചു കൂട്ടുന്നു. *വിശ്വാസപ്രചാരണ സംഘത്തിന്റെ* (Society for the Propagation of the Faith) താത്പര്യപ്രകാരം പീയൂസ് പതിനൊന്നാമൻ പാപ്പാ 1926-ൽ "ആഗോള പ്രേഷിത ദിനം" (World Mission Day) സ്ഥാപിക്കുകയുണ്ടായി എന്നതും സ്മരണീയമാണ്. ഈ ദിനം സമാഹരിക്കുന്ന വാർഷിക സംഭാവനകൾ സഭയുടെ പ്രേഷിത ദൗത്യത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി പാപ്പായുടെ നാമത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ നാല് സൊസൈറ്റികളും ഒരു

മിച്ച്, പൊതുവായും, ഓരോരുത്തരുടെയും പ്രത്യേക സവിശേഷത അനുസരിച്ചും, ഇന്നും സഭ മുഴുവനിലുമായി വിലപ്പെട്ട പ്രവൃത്തി നിർവഹിക്കുന്നു. ഐക്യത്തിന്റെയും സഭാത്മക പ്രേഷിത കൂട്ടായ്മ യുടെയും സജീവ അടയാളങ്ങളാണവ. കൃതജ്ഞതാചൈതന്യത്തോ ടെ അവയോടൊപ്പം പ്രവർത്തിക്കാൻ ഞാൻ എല്ലാവരെയും ക്ഷണി ക്കുന്നു.

**3. സ്നേഹിക്കാനുള്ള പ്രേഷിതദൗത്യം: ദൈവത്തിന്റെ വിശ്വസ്ത സ്നേഹം പ്രഘോഷിക്കുക, ജീവിക്കുക, പങ്കുവയ്ക്കുക**

ഐക്യമാണ് പ്രേഷിതദൗത്യത്തിന്റെ വ്യവസ്ഥയെങ്കിൽ സ്നേഹമാണ് അതിന്റെ കാതൽ. ലോകത്തോടു പ്രഘോഷിക്കാനായി നമ്മെ അയച്ചിരിക്കുന്ന സദ്വാർത്ത രൂപഭാവം ഇല്ലാത്ത ഒരു ആദർശ മല്ല; അത് ദൈവത്തിന്റെ വിശ്വസ്തസ്നേഹത്തിന്റെ സുവിശേഷമാണ്; അത് യേശുക്രിസ്തുവിന്റെ മുഖത്തും ജീവിതത്തിലും മാംസം ധരിച്ചു.

ശിഷ്യരുടെയും സഭ മുഴുവന്റെയും പ്രേഷിതദൗത്യം പരിശുദ്ധാ ത്മാവിലുള്ള ക്രിസ്തുവിന്റെ ദൗത്യം തുടരുക എന്നതാണ്. ഈ ദൗത്യം സ്നേഹത്തിൽ ജനിക്കുന്നതും സ്നേഹത്തിൽ ജീവിക്കുന്നതും സ്നേഹത്തിലേക്കു നയിക്കുന്നതുമാണ്. യഥാർഥത്തിൽ കർത്താവ് തന്നെയും തന്റെ പീഡാനുഭവത്തിനു മുമ്പുള്ള പിതാവിനോടു നട ത്തിയ ശ്രേഷ്ഠ പ്രാർഥനയിൽ, തന്റെ ശിഷ്യരുടെ ഇടയിൽ ഐക്യം ഉണ്ടാകണമെന്ന് ആഹ്വാനം ചെയ്തശേഷം, ഇപ്രകാരം ഉപസംഹരിച്ചു: “അങ്ങ് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമാണിത്” (യോഹ 17:26). ക്രിസ് തുവിന്റെ സ്നേഹത്താൽ പ്രേരിതരായി (2 കോറി 5:14 കാണുക), ക്രിസ്തുവിനു വേണ്ടി സുവിശേഷം പ്രസംഗിക്കാൻ അപ്പസ്തോല ന്മാർ ഇറങ്ങിത്തിരിച്ചു. ഇതേ രീതിയിൽ നൂറ്റാണ്ടുകളായി ക്രിസ്ത്യാ നികളുടെ വലിയൊരു സംഘം ആളുകൾ-രക്തസാക്ഷികൾ, ആത്മീ യാചാര്യർ, പ്രേഷിതർ- ഈ ദിവ്യസ്നേഹം ലോകത്തെ അറിയിക്കാ നായി തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ സ്നേഹ ത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സഭയുടെ സുവിശേഷവൽക്കരണ ദൗത്യം സമയത്തിന്റെ അന്ത്യം വരെ തുടർന്നു കൊണ്ടിരിക്കും.

അതിനാൽ, ഇന്നത്തെ *ജനതകളുടെ* (*ad gentes*) ഇടയിൽ പ്രവർത്തിക്കുന്ന പ്രേഷിതരോടു നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലെ അവർ തങ്ങളുടെ സ്വദേശവും കുടുംബങ്ങളും എല്ലാത്തരം സുരക്ഷിതത്വവും ഉപേക്ഷിക്കുകയുണ്ടായി. അത് സുവിശേഷം പ്രഘോഷിക്കാനും പലപ്പോഴും വെല്ലുവിളി നേരിടുന്ന ഇടങ്ങളിലും ദരിദ്രരുടെ ഇടയിലും സംഘർഷഭരിതവും സാംസ്കാരികമായി വ്യത്യസ്തമായതുമായ സാഹചര്യങ്ങളിലും ക്രിസ്തുവിനെയും അവിടത്തെ സ്നേഹത്തെയും കൊണ്ടുവരാനും വേണ്ടിയാണ്. പ്രതികൂല സാഹചര്യങ്ങളും മാനുഷിക പരിമിതികളും ഉണ്ടെങ്കിൽപ്പോലും അവർ സ്വയം തങ്ങളെത്തന്നെ നൽകുന്നത് തുടരുന്നു; എന്തെന്നാൽ, ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും നൽകുക എന്നതാണ് അവർക്ക് നൽകാവുന്ന ഏറ്റവും വലിയ നിധി എന്ന് അവർ മനസ്സിലാക്കുന്നു. അവരുടെ സ്ഥിരോൽസാഹംവഴി, ദൈവത്തിന്റെ സ്നേഹം എല്ലാ തടസ്സങ്ങളെയും അതിജീവിക്കുന്നുവെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ഈ ധീരരായ സാക്ഷികളെ ലോകത്തിന് ഇനിയും ആവശ്യമുണ്ട്; സഭാ സമൂഹങ്ങൾക്ക് ഇനിയും പുതിയ പ്രേഷിത ദൈവവിളികളും ആവശ്യമുണ്ട്. നമ്മൾ അവരെ നമ്മുടെ ഹൃദയത്തോടു ചേർത്തു വയ്ക്കുകയും നിരന്തരം അവർക്കുവേണ്ടി പിതാവിനോടു പ്രാർഥിക്കുകയും വേണം. ക്രിസ്തുവിനെ അനുഗമിച്ചു എല്ലാം ഉപേക്ഷിച്ച് സുവിശേഷവൽക്കരണത്തിന്റെ പാതയിൽ ഭൂമിയുടെ അതിർത്തികളോളം പോകാൻ തയ്യാറാകുന്ന യുവജനങ്ങളുടെയും മുതിർന്നവരുടെയും ദാനം അവിടന്ന് നമുക്ക് നൽകുമാറാകട്ടെ!

സ്ത്രീകളും പുരുഷന്മാരുമായ പ്രേഷിതരോടുള്ള വലിയ ആദരത്തോടുകൂടെ, സുവിശേഷവൽക്കരണ ദൗത്യത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ ജീവിതസാക്ഷ്യം, പ്രാർഥന, പ്രേഷിതപ്രവർത്തനത്തിനു വേണ്ടിയുള്ള സംഭാവനകൾ എന്നിവ വഴിയായി അവരോടു ചേരാൻ സഭ മുഴുവനോടും ഞാൻ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പറഞ്ഞതുപോലെ, “സ്നേഹം സ്നേഹിക്കപ്പെടുന്നില്ല;” അദ്ദേഹത്തിന്റെ സ്വർഗപ്രവേശനത്തിന്റെ 800-ാം ആണ്ട് ആചരിക്കുന്ന ഈ വേളയിൽ നാം അദ്ദേഹത്തിലേക്കു പ്രത്യേകമായി നോക്കുന്നു. കർത്താവിനോടുള്ള സ്നേഹത്തിൽ ജീവിക്കാനും

ആ സ്നേഹം സമീപത്തും വിദൂരത്തും ഉള്ളവരിലേക്കു പകരാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം നമുക്ക് പ്രചോദനമാകട്ടെ. എന്തെന്നാൽ അദ്ദേഹം പറഞ്ഞു, "ഈ സ്നേഹം കൊണ്ട് ഇത്രയേറെ നമ്മെ സ്നേഹിച്ച അവിടത്തെ അത്രയേറെ നാം സ്നേഹിക്കണം!" (ബാഞ്ഞോറെജ്ജിയോയിലെ വിശുദ്ധ ബോണവെഞ്ചർ, *വിശുദ്ധ ഫ്രാൻസിസിന്റെ ജീവചരിത്രം*, അദ്ധ്യായം IX, 1; *Fonti Francescane*,1161). തന്റെ മരണശേഷവും തന്റെ പ്രേഷിത ദൗത്യം തുടരുമെന്നു പ്രഖ്യാപിച്ച വിശുദ്ധ കൊച്ചുത്രേസ്യയിൽനിന്നും നമുക്ക് പ്രചോദനം ഉൾക്കൊള്ളാം. "ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്നതുതന്നെ സ്വർഗത്തിൽ ആയിരിക്കുമ്പോഴും ചെയ്യാൻ ആഗ്രഹിക്കുന്നു: യേശുവിനെ സ്നേഹിക്കാനും, യേശു സ്നേഹിക്കപ്പെടാൻ പ്രവർ ത്തിക്കാനും" എന്ന് അവൾ പറഞ്ഞു (*അബേ ബലിയേറിനുള്ള കത്ത് 220*, ഫെബ്രുവരി 24, 1897).

ഈ സാക്ഷികളാൽ പ്രചോദിതരായി, നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവവിളിയും ദാനങ്ങളും അനുസരിച്ച്, സുവിശേഷവൽക്കരണത്തിന്റെ മഹാദൗത്യത്തിന് നമ്മുടെ സംഭാവന നൽകാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. നിങ്ങളുടെ പ്രാർഥനയും പ്രായോഗിക പിന്തുണയും, പ്രത്യേകിച്ച് ആഗോള പ്രേഷിതദിനത്തിൽ, ദൈവത്തിന്റെ സ്നേഹത്തിന്റെ സുവിശേഷം എല്ലാവരിലേക്കും, ഏറെ പ്രത്യേകിച്ച് ദരിദ്രരിലേക്കും ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും, എത്തിക്കുന്നതിൽ വലിയ സഹായമായിരിക്കും. ഓരോ ദാനവും, അതെത്ര ചെറുതായാലും, പ്രേഷിത കൂട്ടായ്മയുടെ അർഥവത്തായ പ്രവൃത്തി ആയിരിക്കും. "ലോകമെമ്പാടുമുള്ള പ്രേഷിതരെ ഞാൻ സഹായിക്കാനായി നിങ്ങളെന്നെ സഹായിക്കുന്നതിന്" (*Video Message for World Mission Day* 2025, 19 October 2025) ഞാൻ ഹൃദയപൂർവം വീണ്ടും നന്ദിപറയുന്നു. ആത്മീയമായ ഐക്യം വളർത്തുന്നതിന് ഈ ചെറിയ പ്രാർഥന യോടെ ഞാൻ നിങ്ങൾക്ക് എന്റെ ആശീർവാദം നൽകുന്നു:

പരിശുദ്ധനായ പിതാവേ, ക്രിസ്തുവിൽ ഞങ്ങളെ ഒന്നാക്കിതീർക്കണമേ. അവിടത്തെ സ്നേഹമാണല്ലോ ഞങ്ങളെ ഐക്യത്തിൽ നിലനിർത്തുന്നതും നവീകരിക്കുന്നതും. പരിശുദ്ധാത്മാവിനോടു വിധേയപ്പെട്ടുകൊണ്ട്, സഭാംഗങ്ങൾ എല്ലാവരും പ്രേഷിത ദൗത്യത്തിൽ ഒന്നായിത്തീരട്ടെ. അങ്ങനെ അവർ ധൈര്യപൂർവം സുവിശേഷ

ത്തിനു സാക്ഷ്യം വഹിക്കുന്നവരും എല്ലാ സൃഷ്ടികളോടുമുള്ള അങ്ങയുടെ വിശ്വസ്ത സ്നേഹം പ്രഘോഷിക്കുന്നവരും ദൈനംദിനം അത് പ്രകാശിപ്പിക്കുന്നവരും ആയിത്തീരട്ടെ.

പ്രേഷിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും അനുഗ്രഹിക്കണമേ; അവരുടെ ഉദ്യമങ്ങളിൽ അവരെ പിന്തുണയ്ക്കണമേ; അവരെ പ്രത്യാശയിൽ കാത്തുസൂക്ഷിക്കണമേ.

പ്രേഷിത പ്രവർത്തനത്തിന്റെ രാജ്ഞിയായ മറിയമേ, ലോകത്തിന്റെ എല്ലാ കോണുകളിലുമായി ഞങ്ങൾ ചെയ്യുന്ന സുവിശേഷവൽക്കരണ പ്രവർത്തനത്തെ അനുഗമനം ചെയ്യേണമേ. ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങൾ ആക്കണമേ; അങ്ങനെ ലോകം മുഴുവൻ ക്രിസ്തുവിൽ രക്ഷയുടെ വെളിച്ചം തിരിച്ചറിയാൻ ഇടവരട്ടെ. ആമേൻ.

2026 ജനുവരി 25-ാം തീയതി,
ആണ്ടുവട്ടത്തിലെ മൂന്നാം ഞായറാഴ്ച,
വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ മാനസാന്തരതിരുനാളിൽ,
വത്തിക്കാനിൽനിന്നു നൽകപ്പെട്ടത്.

**ലിയോ പതിനാലാമൻ പാപ്പാ**

# രൂപതക്കച്ചേരി

## *C. 85/2026* ദൈവാലയ ശുശ്രൂഷികൾക്കായി (കപ്യാരന്മാർ) ധ്യാനം

നമ്മുടെ രൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്കായി (കപ്യാരന്മാർ) താമസിച്ചുള്ള ധ്യാനം മൂവാറ്റുപുഴ NESTT- ൽ 2026 നവംബർ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് 4-ാം തീയതി ബുധനാഴ്ച വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നു. രജിസ്ട്രേഷൻ ഫീസായ ₹ 500 അതാത് ദൈവാലയങ്ങളിൽനിന്ന് കൊടുത്തുവിടേണ്ടതാണ്. ദൈവാലയശുശ്രൂഷകർക്കുള്ള ഈ ധ്യാനത്തിൽ സംബന്ധിക്കാൻ കഴിയാത്തവരുടെ വിവരം പള്ളി വികാരിമാർ മോൺ. നെടുങ്ങാട്ട് ബഹു. വിൻസെന്റ് അച്ചനെ മുൻകൂട്ടി അറിയിക്കണം.

*Bishop*

## *C. 86/2026* Monthly Recollection for Priests

*Topic for discussion in October*

Read in common YOUCAT Nos. 310-320.

*Syncellus*

## *C. 87/2026* മിഷൻ ഞായർ

ഒക്ടോബർ 18-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽ തന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരും എന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, പരിത്യാഗ പ്രവൃത്തികൾ എന്നിവവഴി മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻ പിരിവിന്റെ 10% ആഗോള മിഷൻ പ്രവർത്തനത്തിനും 30% ഇടവകകളിലെ മിഷൻ പ്രവർത്തനത്തിനും 60% ഒഡീഷ മിഷൻ ശുശ്രൂഷയ്ക്കും വേണ്ടി ഉപയോഗിക്കേണ്ടതാണ്. അതിനാൽ ഈ മിഷൻ ഞായറാഴ്ച ലഭിക്കുന്ന തുകയുടെ 10% പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിക്ക് നൽകുന്നതിന് ഒക്ടോബർ 30-നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കണമെന്നും ഒഡീഷ

മിഷനിലേക്കുള്ള തുക അതത് ഇടവകകളിൽനിന്ന് താഴെ പറയുന്ന അക്കൗണ്ട് നമ്പറിലേക്ക് അയച്ചുകൊടുക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഒഡീഷാ (ഉത്കല) മിഷൻ ദൈവകൃപയാൽ നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. ഒഡീഷ മിഷനിലേക്ക് സംഭാവന അയ്ക്കേണ്ട അക്കൗണ്ട് വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Account Name | : | Jeevajyoti Trust Utkela |
| Account No. | : | 43037294090 |
| IFSC | : | SBIN 0006089 |
| Branch | : | SBI, Utkela |

*Syncellus*

### C. *88/2026* യെസ് ലോർഡ് 12-ാമത് അഭിഷേക ധ്യാനം

കിടപ്പുരോഗികൾക്കും ഭിന്നശേഷിക്കാർക്കുമായ് ഒരുക്കുന്ന ധ്യാനം നവംബർ 26 മുതൽ 29 വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് :

| | | |
|---|---|---|
| മേരി ജോസഫ് | - | 9744129247 |
| ലീലാമ്മ തോമസ് | - | 9544354748 |
| ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ | - | 9645728266 |
| ഫാ. ആന്റണി വിളയപ്പിള്ളിൽ | - | 8078823782 |

*Syncellus*

### C. *89/2026* ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 77-ാം ചരമവാർഷികം

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ, എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ. 25:40), എന്ന സുവിശേഷവചനം പ്രാവർത്തികമാക്കി രോഗികളിലേക്കും വേദനിക്കുന്നവരിലേക്കും കർത്താവിന്റെ കരുണ ഒഴുക്കിയ ധന്യൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 77-ാം ചരമവാർഷികം നവംബർ 4 ബുധനാഴ്ച തങ്കളം ധർമ്മഗിരി സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തുകയാണ്. തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് ധന്യപിതാവിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് ദൈവാനുഗ്രഹം പ്രാപിക്കാൻ അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന ധർമ്മഗിരിയിലേക്ക് ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

2026 ഒക്ടോബർ 2-ാം തീയതി മുതൽ 29-ാം തീയതി വരെ രാവിലെ 9 മുതൽ വൈകിട്ട് 4 വരെയും, നവംബർ 2, 3 തീയതികളിൽ ഉച്ചയ്ക്ക് 1.30 മുതൽ 2.30 വരെയും ധന്യൻ പഞ്ഞിക്കാരനച്ചന്റെ കബ റിടത്തിങ്കൽ മാദ്ധ്യസ്ഥ്യ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. ഈ ദിവ സങ്ങളിൽ എല്ലാവരെയും ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് സ്നേഹ പൂർവം ക്ഷണിക്കുന്നു.

2026 നവംബർ 4-ാം തീയതി ബുധനാഴ്ച ധന്യൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ കബറിടത്തിങ്കലേക്കു നെല്ലിക്കുഴി പള്ളിയിൽ നിന്നും രാവിലെ 9.30-ന് പദയാത്ര ആരംഭിക്കുന്നു. പദയാത്ര കബറി ടത്തിങ്കൽ എത്തിച്ചേർന്നു കഴിയുമ്പോൾ പരിശുദ്ധ കുർബാനയും ശ്രാദ്ധത്തിന്റെ തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്. നവംബർ 1-ാം തീയതി ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾ കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ വച്ചാണ് നടത്തപ്പെടുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**തിരുക്കർമ്മങ്ങൾ**

**01-11-2026 ഞായർ** (കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ)

4.30 pm: വി. കുർബാന, സന്ദേശം - **മാർ ജോർജ് പുന്നക്കോട്ടിൽ**

(ബിഷപ്പ് എമിരിറ്റസ്, കോതമംഗലം രൂപത)

**02-11-2026 തിങ്കൾ**

1.30 pm - 2.30 pm: സൗഖ്യ ആരാധന

**റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ**

(ഡയറക്ടർ, രൂപതാ പ്രാർത്ഥനാ ഗ്രൂപ്പ്)

3.00 pm: വി. കുർബാന, സന്ദേശം

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

(ബിഷപ്പ്, കോതമംഗലം രൂപത)

**03-11-2026 ചൊവ്വ**

1.30 pm - 2.30 pm: സൗഖ്യ ആരാധന

**റവ. ഫാ. ആന്റണി മരുത്വാമലയിൽ**

(വൈസ് റെക്ടർ, ഡിവൈൻ മേഴ്സി ഷ്റൈൻ, തൊടുപുഴ)

**റവ. ഫാ. അഗസ്റ്റിൻ നിരപ്പേൽ**

(അസി. വികാരി, സെന്റ് ജോർജ് ഫൊറോന പള്ളി, മുതലക്കോടം)

3.00 pm: വി. കുർബാന, സന്ദേശം

**മാർ തോമസ് ഇലവനാൽ**

(ബിഷപ്പ് എമിരിറ്റസ്, കല്യാൺ രൂപത)

**04-11-2026 ബുധൻ**

09.30 am: പദയാത്ര (സെന്റ് ജോസഫ് പള്ളി നെല്ലിക്കുഴി നിന്നും ആരംഭിക്കുന്നു)

10.30 am: വി. കുർബാന, സന്ദേശം-

**മാർ റാഫേൽ തട്ടിൽ**

(മേജർ ആർച്ചുബിഷപ്പ്, സീറോമലബാർ സഭ)

12.15 pm : അനുസ്മരണ പ്രാർത്ഥന

12.30 pm : ശ്രാദ്ധസദ്യ

*Syncellus*

C. *90/2026* **പ്രീസ്റ്റ് ഹോം നിർമ്മാണം സംഭാവന**

പ്രീസ്റ്റ് ഹോം നിർമ്മാണത്തിനുവേണ്ടിയുള്ള സംഭാവനകൾ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കാവുന്നതാണ്.

| | | |
|---|---|---|
| Account Name | : | M/s Vianney Bhavan |
| Account No | : | 190701000011653 |
| IFSC | : | IOBA0001907 |
| Branch | : | Indian Overseas Bank, Kothamangalam |

*Pr. C.7/2026* **Report of the Presbyteral Council Meeting 15th September 2026 (Tuesday)**

An ordinary meeting of the Presbyteral Council was held on 15th September 2026. The meeting began with a prayer led by Rev. Fr. George Chemparathy. Very Rev. Msgr. Vincent Nedungattu, Syncellus, extended a warm welcome to all the members. Rev. Fr. Jose Kulathoor, Secretary, presented the report and highlighted the follow-up actions taken on the decisions of the previous council meeting. In his presidential address, His Excellency Mar George Madathikandathil congratulated all priests for having conducted the Ettunombu Celebrations and the Marian Pilgrimage to Nakapuzha in a devotional manner. The Bishop stated that this is a time to deepen our faith and that it is our duty to proclaim the faith and the Gospel to all people. Thereafter, the agenda items were taken up for discussion and resolution:

1. Golden Jubilee of the Episcopal Ordination of Mar George Punnakottil

The Moderator informed the Council about the decision of the celebration of the Golden Jubilee on 10th January 2027 at Nirmala Public School, Muvattupuzha. Moderator informed that our Bishop has already invited the Bishops of the Syro-Malabar Church during the Synod. The Council suggested that it would be appropriate to invite the Hon'ble Chief Minister as the Chief Guest. The Bishop responded that a final decision would be taken after discussing it with the Jubilarian.

2. Platinum Jubilee Celebration of the Eparchy – 2031

The Bishop proposed that as part of the Platinum Jubilee celebrations, a project to construct 750 houses for the needy be initiated. Members suggested that before starting the project, it would be advisable to collect statistics of those in need of houses from each parish by the Diocesan Social Service Society. As part of the Platinum Jubilee and community empowerment, he also proposed starting Sunday Markets in our churches. Some members opined that it may not be feasible to start this in every parish, but it should be started wherever possible. Others suggested the possibility of giving a different name to this initiative, on the model of the Karshaka SahakaranaVedi of the Cathedral. The Council also expressed the view that there should be good collaboration between small and big parishes in processing and making available products in high demand. There was also a suggestion to start big super markets by the Diocese on the model of Varapuzha Archdiocese.

3. Accident at Sanjo Bhavan

The incident that occurred while removing the debris of Sanjo Bhavan was discussed. The Moderator and the Chancellor explained the incident and provided details regarding the supportive steps taken to help both the families. The Council opined that it would be better to have a formal contract for demolishing old structures of such nature.

4. Evaluation of CML Mekhala Kalolsavam

While evaluating the CML Mekhala Kalolsavam, some members expressed a desire to conduct competitions on the model of the Diocese

of Pala. However, this was not accepted by all. There was also a suggestion to conduct group competitions on a separate day. Forane directors suggested that parishes should cooperate positively and support such pious association activities.

5. Geriatric Care

The matter of geriatric care was discussed in detail. Many members were of the opinion that it is a matter of great importance and it needs to be taken up seriously. Due to the recent trend of migration, our presence in society is becoming insignificant and there is no one to take care of the elderly. It was suggested that a team be formed in each parish to take care of the elderly and that proper awareness be given to the people regarding their health care. It was also noted that when youngsters are engaged in activities related to geriatric care, they should be paid well so that it also becomes a job opportunity. Regarding the question of starting a paid old age home, the Bishop clarified that for the time being we are not planning to start one in that direction; as people can make use of the facilities already provided by religious congregations.

6. Other Matters

a) The issue of ESA (Ecologically Sensitive Area) was discussed, and parish priests were requested to conscientize the people of the affected areas regarding the issue and submit complaints on the specified portals of the government.

b) Regarding permission for administration of sacraments and the consequent reception programmes in the evening, the President informed the Council that it is difficult to deny permission as people find it hard to get time due to their busy schedules. At the same time, some regulations are to be imposed on the prolongation of late evening and night programmes.

c) The Moderator informed the Council about the plan to purchase of a new piece of land in Odisha for a new mission, the renovation work being carried out at Santhinilayam, Muvattupuzha, the blessing of the new building of Kristhujyothi International School, Kothamangalam, and

the opening of an IOB branch in our Nirmala Centre.The meeting concluded with a vote of thanks by Very Rev. Fr. Kuriakose Kodakallil, who thanked all members for their participation and fruitful discussion. The meeting ended with a prayer, followed by lunch.

*Secretary*

## പള്ളിയിൽ അറിയിക്കാൻ



| | | |
|---|---|---|
| **സർക്കുലർ** | Page | 5 |
| **ഫ്രാൻസിസ്കൻ വർഷാചരണം – സർക്കുലർ** | Page | 8 |
| **ആഗോള പ്രേഷിത ഞായർ സന്ദേശം** | Page | 13 |
| **മിഷൻ ഞായർ** | Page | 23 |
| **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11 ന്** | Page | 31 |



## തിരുനാളുകൾ

**ഒക്ടോബർ**

| | | | |
|---|---|---|---|
| 01 | വി. കൊച്ചുത്രേസ്യ | 16 | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 02 | കാവൽമാലാഖമാർ | 17 | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 04 | വി. ഫ്രാൻസിസ് അസ്സീസി | 18 | വി. ലൂക്കാ സുവിശേഷകൻ |
| 05 | വി. ഫൗസ്തീന കൊവാൾസ്ക | 22 | വി. ജോൺ പോൾ രണ്ടാമൻ |
| 15 | ആവിലായിലെ വി. ത്രേസ്യ | 28 | വി. ശിമയോൻ, വി. യൂദാ തദേവൂസ് |

## Jeevajyothi Mission Utkela, Odisha

*OM 27 /2026* **ഓണാഘോഷം**

ഉത്കല മിഷനിൽ ഉള്ള വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും സംയുക്തമായി ഓണാഘോഷം നടത്തി.

*OM 28 /2026* **അദ്ധ്യാപകദിനം**

ഉത്കല ജീവ ഭവനിൽ അദ്ധ്യാപകദിനം ആഘോഷിക്കുകയും മിഷൻ പ്രദേശത്തെ കുട്ടികൾക്ക് ക്ലാസ്സ് എടുക്കുന്ന അധ്യാപകരെ ആദരിക്കുകയും ചെയ്തു.

*OM 29 /2026* **മിഷൻ സന്ദർശനം**

സെപ്റ്റംബർ 8-ാം തീയതി രൂപത വികാരി ജനറാൾ മോൺ. വിൻസെന്റ് നെടുങ്ങാട്ട്  ഉത്കല മിഷൻ സന്ദർശിച്ചു.

*OM 30 /2026* **ആഘോഷങ്ങൾ**

സെപ്റ്റംബർ 10-ന് MSJ സന്യാസിനിസമൂഹാംഗമായ സി. അഡോണ MSJ യുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയും, ഉത്കല മിഷന്റെ നാലാം വാർഷികവും, വി. മിഖായേലിന്റെ തിരുനാൾ ആഘോഷവും, ഒഡീഷ മിഷൻ പ്രദേശത്തു സേവനം അനുഷ്ഠിക്കുന്നവർക്കുള്ള സെപ്റ്റംബർ മാസത്തിലെ മാസധ്യാനവും കോതമംഗലം രൂപതയുടെ ജീവ ഭവനിൽ വച്ച് നടത്തപ്പെട്ടു.

## മൈനർ സെമിനാരി

*MS 13 /2026* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Daisy M Thomas | ₹ | 1000 |
| 2 | Francis Thomas | ₹ | 3000 |
| 3 | Sebastian Joseph | ₹ | 2000 |
| 4 | George Joseph | ₹ | 1000 |
| 5 | Reetha Antony | ₹ | 35000 |
| 6 | One Benefactor | ₹ | 10,000 |
| 7 | Jose V M | ₹ | 50000 |
| 8 | Tuttu Mereena Thomas | ₹ | 100000 |
| 9 | Shibu Vadakkel | ₹ | 3000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

## വിജ്ഞാനഭവൻ

*V. 92/2026* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

NB: പാഠ്യപദ്ധതി പേജ് 50-51 പരിശോധിക്കുക. ഉപപാഠപുസ്തകത്തിന്റെ പഠനഭാഗം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

ചോദ്യപേപ്പറുകൾ ഒക്ടോബർ 10-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

പരീക്ഷാ സമയം:

| | |
|---|---|
| Std. I - IX Classes | 11.00 am -1.00 pm |
| Std X, XI, XII Classes | 2.00 pm - 4.00 pm |

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

### Viva Exam - 10 Mark

കുട്ടികൾ നമസ്കാരങ്ങൾ ഹൃദിസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെയാണല്ലോ വൈവ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലക്ഷ്യം നടപ്പിൽ വരുത്തുവാൻ അധ്യാപകർ സഹകരിക്കുമല്ലോ. ഓരോ സെമസ്റ്ററിലെയും പരീക്ഷകൾക്ക് മുമ്പുള്ള രണ്ടോ മൂന്നോ ഞായറാഴ്ചകൾ ഇടവകയിലെ കുട്ടികളുടെ എണ്ണമനുസരിച്ച് വൈവയ്ക്കായി ക്രമീകരിക്കുക. പാഠ്യപദ്ധതിയനുസരിച്ച് ഓരോ സെമസ്റ്ററിലും പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന നമസ്കാരങ്ങളാണ് വൈവയിൽ ചോദിക്കേണ്ടത്. ഇവയിൽ നിന്നും കുറഞ്ഞത് 4 എണ്ണമെങ്കിലും ചോദിക്കേണ്ടതാണ്. 10 മാർക്കായിരിക്കും വൈവയ്ക്ക് ഉള്ളത്. പഠിക്കാത്തവർക്ക് വീണ്ടും അവസരം കൊടുത്ത് പഠിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## Family Catechism Hour Activity Book (FCA) - 10 Mark

FCA ഓരോ ആഴ്ചയും കുട്ടികൾ പൂർത്തിയാക്കുന്നതിന് 10 മാർക്ക് വീതം നൽകുന്നുണ്ടല്ലോ. അങ്ങനെ ഓരോ സെമസ്റ്ററിലും ആകെ കുട്ടികൾക്ക് കിട്ടിയ FCA മാർക്കിന്റെ ശതമാനം എടുത്ത് സെമസ്റ്റർ എക്സാമിൽ കുട്ടികൾക്ക് മാക്സിമം 10 മാർക്കും അതിനു താഴെയും നൽകാവുന്നതാണ്.

### *V. 93/2026* SAY Exam X, XII

| | |
|---|---|
| ഒക്ടോബർ 26 തിങ്കൾ | - രജിസ്ട്രേഷൻ ആരംഭിക്കുന്നു |
| നവംബർ 3 ചൊവ്വ | - രജിസ്ട്രേഷൻ അവസാനിക്കുന്നു |
| നവംബർ 8 ഞായർ | - SAY Exam |
| സമയം | - 11.00 am - 1.00 pm |

NB. മറ്റ് ക്ലാസ്സുകളിലെ സേ പരീക്ഷയും ഇതേ ദിവസം നടത്താവുന്നതാണ്.

### *V. 94/2026* വിശ്വാസപരിശീലകരുടെ ക്വിസ് മത്സരം, രൂപതാതലം

രണ്ടു തലങ്ങളായി നടക്കുന്ന ക്വിസ് മത്സരത്തിന് ഇടവകതലത്തിൽ 50 ചോദ്യങ്ങൾ ഉള്ള ചോദ്യപേപ്പറായിരിക്കും നൽകുക. രൂപതാതലത്തിൽ വിവിധ റൗണ്ടുകളായിട്ടായിരിക്കും മത്സരം നടത്തുന്നത്. ഇടവകതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് രൂപതാതലത്തിൽ ടീമായി പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്ന ടീമിൽ ഒരാൾ അല്മായൻ ആയിരിക്കണം.

പഠനഭാഗം:

1. **സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (P. 66-124) (Question Bank)**
2. **ലോഗോസ് ബൈബിൾ പഠനഭാഗം (യോഹ. 1 –12)**
3. **(Ad Gentes)Decree of II Vatican Council on the Mission of the Church (Question Bank)**
4. **പൊതുവിജ്ഞാനം (Question Bank)**
5. **ധന്യൻ ജോസഫ് പഞ്ഞിക്കാരൻ (Question Bank)**

**ചോദ്യങ്ങളുടെ മാതൃക.**

**ആകെ മാർക്ക് - 50**

| | | |
|---|---|---|
| ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുക്കുക | - | 10 |
| ഉചിതമായത് പൂരിപ്പിക്കുക | - | 10 |
| ഒറ്റവാക്കിൽ ഉത്തരമെഴുതുക | - | 10 |
| ചേരുംപടി ചേർക്കുക | - | 5 |
| ബൈബിൾ (യോഹ. 1-12 അധ്യായങ്ങൾ) | - | 5 |
| ഒരു വാകൃത്തിൽ ഉത്തരമെഴുതുക | - | 10 |

50-ൽ 10 മാർക്കിന്റെ ചോദ്യം പൊതുവിജ്ഞാനമായിരിക്കും.

**ഇടവകതലം** : **2026 ഒക്ടോബർ 25 ഞായർ**
**സമയം** : **12.00 noon - 1.00 pm** (അതാത് ഇടവകകളിൽ).
**രൂപതാതലം** : **2026 ഡിസംബർ 12 ശനി**
**സമയം** : **10.00 am**
**സ്ഥലം** : **Nirmala Public School, Muvattupuzha**

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസും വിജയികളായവരുടെ പേരും, നവംബർ 2-ാം തീയതി മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്.

*V. 95/2026* **Mission Quest Online**

